# വളരെ അടിയന്തിരം

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ വകുപ്പ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഡിബി3-5215/2013/സിഇ/തസ്വഭവ

തീയതി 22/06/2018

## സർക്കുലർ

വിഷയം : തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - ബഹു. തസ്വഭവ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന പദ്ധതികളുടെ അവലോകന യോഗം - സംബന്ധിച്ച്

സൂചന : ബഹു. തസ്വഭവ മന്ത്രിയുടെ നിർദ്ദേശം

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്ന ജനകീയാസൂത്രണ പദ്ധതികളുടെ അവലോകനം നടത്തുന്നതിനായി ഈ വകുപ്പിലെ എഞ്ചിനീയർമാരെ ഉൾപ്പെടുത്തി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗം നടത്തുന്നതിനായി നിശ്ചയിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ രണ്ട് മേഖലകളിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം കാര്യാലയങ്ങൾക്കായി രണ്ട് ദിവസങ്ങളിലായിട്ടാണ് അവലോകന യോഗം നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ളത്. ദക്ഷിണ മേഖലയിലേയ്ക്ക് 24.07.2018-ാം തീയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ തിരുവനന്തപുരത്തുള്ള ജിമ്മി ജോർജ്ജ് സ്റ്റേഡിയത്തിലും, ഉത്തര മേഖലയിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഞ്ചിനീയർമാരെ ഉൾപ്പെടുത്തി 19.07.2018-ാം തീയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ഉള്ള സമയത്ത് കോഴിക്കോട് കോർപ്പറേഷനിലെ ടാഗോർ ഹാളിൽ വച്ചാണ് അവലോകന യോഗം നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ ഉൾപ്പെടുന്ന തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗം കാര്യാലയങ്ങളെയാണ് ദക്ഷിണ മേഖലയ്ക്കായി നടത്തുന്ന യോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ

ജില്ലകളിൽ ഉൾപ്പെടുന്ന തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗം കാര്യാലയങ്ങളെയാണ് ഉത്തരമേഖലയ്ക്കായി നടത്തുന്ന യോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

രണ്ട് മേഖലകളിലും ഉൾപ്പെടുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും എഞ്ചിനീയറിംഗ് വിഭാഗത്തിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവർ അതാത് മേഖലയിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള അവലോകന യോഗത്തിൽ കൃത്യമായിത്തന്നെ പങ്കെടുക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

P 819